


T61
K66

# കൈവിളക്ക്

ഗ്രന്ഥകർത്താ:

റവ. ആൻറണി കിഴക്കുടൻ

പരിയാരം

DHARMARAM COLLEGE LIBRARY, BANGALORE.
3981
K66

വില 0—8—0

ഒന്നാംപതിപ്പ്
കോപ്പി ആയിരം.

ആയിരത്തി തൊള്ളായി
രത്തി അമ്പത്താറ്
മാർച്ച് പതിന്നാല്

*All Rights Reserved to the Author*

*Imprimatur:*

Trichur,
2nd March '56.

✠ G. C. Alapatt,
Bishop of Trichur

**PRINTING:**
THE UNION PRESS, MARIAPURAM,
**OLLUR**



ഗ്രന്ഥകർത്താ:

# സമർപ്പണം

★

ഭക്ത്യാ ജ്ഞാനാദ്യപൂജയ്യൂണയുമീസുദിന-

ത്തിങ്കലീ ഭാരതത്തിൽ

സത്യത്തിൻ രശ്മിയെത്താതിനിയുമിരുളിലായ്-

ത്താണിടും മർത്ത്യരിങ്കൽ

നിത്യായുസ്സേകുവാനായ് വിരവൊടു സുവിശേ-

ഷപ്രഭാ ചിന്തിയോർതൻ

നിത്യോമ്മയ്ക്കായി ഞാനീ മമ ചെറുകൃതിയ-

ങ്ങർപ്പണം ചെയ്തിടുന്നു.

— ഗ്രന്ഥകർത്താ

March 14th 1956.

# ആമുഖം

തഴക്കവും പഴക്കവുമൊന്നുമില്ലാത്ത ചെറുപ്പക്കാരനായ ഒരു കവിയാണ് കൈരളിയുടെ എഴുന്നള്ളത്തിനു കൈവിളക്കു പിടിയ്ക്കുന്നതു്. ഈ വിളക്കുപിടുത്തക്കാരൻ, വൈദികനായ എന്നേയും കൂട്ടുപിടിച്ചതു്, അതു കൊളുത്താനും തെളിയിക്കാനും ഞങ്ങൾക്കു് അധികാരവും അവകാശവുമുണ്ടെന്നു വച്ചിട്ടാവണം. കുറച്ചൊക്കെ പുകതിരി കത്തുന്നുണ്ടെങ്കിലും സ്നേഹസുരഭിലമായ ഈ കൈവിളക്കു്, കുർബ്ബാന മുതലായ കർമ്മങ്ങളിൽ വ്യാപൃതന്മാരായ അസ്മാദൃശന്മാർക്കു കൗതുകം ജനിപ്പിക്കുന്നുണ്ടു്. അതുകൊണ്ടു് യഥാമതി അതിൻെറ വിലാസം ഒന്നു നോക്കിക്കാണുകതന്നെ എന്നു വെച്ചാണു് അനിഷേധ്യമായ സ്നേഹനിർബ്ബന്ധത്തിന്നു വശംവദനായതു്—ആമുഖമെഴുതുവാൻ സന്നദ്ധനായതു്. യുവകവികളെ പ്രോത്സാഹിപ്പിയ്ക്കേണ്ടതു് കൈരളീഭക്തന്മാരുടെ കടമയാണല്ലോ.

രസാത്മകവാക്യമാണു് കാവ്യമെങ്കിൽ, ഈ കൈവിളക്കിൻെറ കർത്താവു് തൊണ്ണൂറുശതമാനവും വിജയിച്ചു എന്നു പറയണം. ഭക്തിരസം ഉടനീളം ഓളംവെട്ടുന്നതാണു് ഈ ചെറുകാവ്യം. രചനയും ഒരുവിധത്തിൽ രമണീയമായിട്ടുണ്ടു്. ഈ യുവകവിക്കു പാണ്ഡിത്യത്തേക്കാൾ കൂടുതൽ കവിതാവാസനയാണുള്ളതെന്നു് ഇതിലെ രചന പരിശോധിച്ചപ്പോൾ എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. പാണ്ഡിത്യവും കവിതാകാരണങ്ങളിൽ ഒന്നാണെങ്കിലും വാസനയ്ക്കാണു് ആലങ്കാരികർ പ്രാധാന്യം കൊടുത്തിട്ടുള്ളതു്. നതോന്നത വൃത്തത്തിൽ, നാതിരമണീയമായി, ആശയം വിടാതെ യേശുഭക്തിക്കു പ്രമുഖത കല്പിച്ചുകൊണ്ടുള്ള ഈ കവിത ഭക്തന്മാരേയും ഭാവുകന്മാരേയും ഒരുപോലെ രസിപ്പിക്കാതിരിക്കുകയില്ല.

ഒരു പ്രഭുകുടുംബത്തിൽ പിറന്ന ജോണിയെന്ന യുവാവ് മിതമായ വിദ്യാഭ്യാസമെല്ലാം കഴിഞ്ഞു വൈദികനാവാനും, ക്രിസ്തുവിൻെറ ആദശം പുലത്തുവാനും, പരമസായൂജ്യമടയുവാനും അഭിലഷിച്ച് നാടും വീടുമുപേക്ഷിച്ച് വിദേശത്തുപോയി അവിശ്രമപരിശ്രമത്താൽ രോഗാതുരനായി ആസ്പത്രിയെ ശരണം പ്രാപിയ്ക്കുന്നു. മാതാപിതാക്കന്മാർ അതറിഞ്ഞു് അദ്ദേഹത്തെ സ്വഭവനത്തിലേയ്ക്കു് ആനയിക്കുന്നു. എന്നാൽ ഡോക്ടർമാരുടേയും ബന്ധുജനത്തിൻെറയുമെല്ലാം പിടിവിട്ടു് ആ യുവാവിൻെറ പാവനാത്മാവ് സ്വർഗ്ഗം പ്രാപിക്കുന്നു.

ഈ കഥാംശവണ്ണനംകൊണ്ടുതന്നെ കവി സഹൃദയൻെറ അന്തഃകരണത്തിൽ ആനന്ദലയം ഉളവാക്കുന്നു. പല നല്ല വരികളും ഈ കവിതയിൽ കാണാം. പൂമരാന്തവാടിയെ ചിത്രീകരിച്ചിരിക്കുന്നു:—

"ഉണ്ടതിൻെറ മുൻവശം വാരാണ്ടമലർവാടിയൊന്നു
വണ്ടുകൾതൻ മോദമേറും വിഹാരരംഗം!
സുരഭിലകുസുമങ്ങൾ ഇളംചിരിതഞ്ചീടുന്നു
സരസമായ് പൂംപാററകൾ സഞ്ചരിക്കുന്നു!
പരിസരദിക്കിലെല്ലാം പൂന്തണ്ലെഴും മരങ്ങൾ
പരമുയരത്തിലങ്ങു പരിലസിപ്പൂ!"

ഭാസുരമായ വാസനയില്ലാത്ത ഒരു കവിയുടെ ഹൃദയത്തിൽ ഈദൃശ രചനാസുന്ദരങ്ങളായ ഈരടികൾ ഉറവെടുക്കുകയില്ല!

പ്രഭാതവണ്ണനത്തിലെ താഴെ കാണിക്കുന്ന വരികൾ പ്രത്യേകം ഹൃദ്യങ്ങളായിട്ടു തോന്നുന്നുണ്ടു്.

"മൂളിമൂളിവരുന്നിതാ! കൂട്ടം കൂട്ടമായി ഭൃംഗ-
പാളി ദിക്കുതോറും പാറിപ്പറന്നീടുന്നു.
സ്വർണ്ണച്ചാർ നിറഞ്ഞുള്ളോരോ ചെങ്കുടത്തിൽനിന്നു ശീഘ്രം
വിണ്ണവിട്ടു മണ്ണിലേയ്ക്കായ് പൊഴിച്ചീടുന്നു!

പരിസര ഭുവിലെല്ലാം പരിമളധോരണിയെ
പരത്തുന്ന തൈത്തെന്നലും വീശിവന്നുടൻ;
വെളിച്ചത്തിൽ കുളിച്ചുള്ള കാർമുകിൽനിരകൾ വാനിൽ
കളിച്ചുകിഴക്കോട്ടപ്പോൾ പാഞ്ഞുപോകുന്നു!"

ഇങ്ങനെ നോക്കിയാൽ ഈ ചെറുപുസ്തകത്തിൽ പല നല്ല വരികളും കാണാമെങ്കിലും ചിലവരികൾക്കു വൈകല്യങ്ങളും യതിഭംഗങ്ങളും ഉള്ളതു് അടുത്ത പതിപ്പിൽ വാസനാകവിയായ ഇദ്ദേഹം പരിഹരിക്കുമെന്നു് നമുക്കാശംസിയ്ക്കാവുന്നതാണു്. ആധുനികയുവകവികൾ വിരചിച്ചുവരുന്ന ഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ ഇതിന്നും സമുന്നതമായ സ്ഥാനമുണ്ടെന്നു പറയാം. കവനകലയിൽ കുറെക്കൂടി പയററുകയും പാണ്ഡിത്യം നേടുകയും വേണം ഈ ഗ്രന്ഥകാരനെന്നു് ഞാൻ ഹൃദയംഗമമായി ഉപദേശിച്ചുകൊള്ളുന്നു. ഒരു നല്ല ഭാവിയുള്ള യുവകവിയാണു് ഇദ്ദേഹമെന്നു് മനസ്സിലാക്കീട്ടാണു് ഇങ്ങനെ പറയുന്നതും. "ഈശനികൾ" "മർത്ത്യനികൾ" എന്നൊക്കെയുള്ള അസുന്ദര പ്രയോഗങ്ങൾ ഉപേക്ഷിയ്ക്കാമായിരുന്നു. എങ്കിലും,

"ഏകോഹിദോഷോ ഗുണ സന്നിപാതെ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്ന കാളിദാസ

വചനംകൊണ്ടു് സമാധാനിയ്ക്കാവുന്നതുമാണു്.

ഈ യുവകവി ഇനിയും ഇതുപോലെ നല്ലനല്ല കൃതികൾ നിർമ്മിച്ചു് കൈരളിയെ തൃപ്തിപ്പെടുത്തുവാൻ ക്രിസ്തുദേവൻ കടാക്ഷിക്കട്ടെ.

പൊറത്തൂർ,
18-2-'56.

ഫാദർ എസ്സ്. തേർമഠം
എം. ഒ. എൽ.

# മുഖവുര

ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു തുടങ്ങിയതാണ് കവിത വായിക്കുന്നതിലുള്ള ഭ്രമം. പ്രത്യേകിച്ച് ആശാൻ, വള്ളത്തോൾ തുടങ്ങിയവരുടെ കൃതികൾ. അക്കാലത്തുതന്നെ കവിത രചിക്കുന്നതിലും ഞാൻ ഏർപ്പെട്ടിരുന്നു. ഈ കാലത്തിനിടയിൽ പല കാവ്യങ്ങളും ഞാൻ രചിച്ചിട്ടുണ്ട്. എന്നാൽ ഒന്നും പരസ്യപ്പെടുത്തുവാൻ ഉദ്യമിച്ചില്ല. അതെല്ലാം പിന്നീടാകാം എന്നു തീരുമാനിച്ചിരിക്കുകയായിരുന്നു. ഈ ചെറുകാവ്യം എഴുതിയിട്ടു ചുരുങ്ങിയതു രണ്ടുകൊല്ലമെങ്കിലും ആയിട്ടുണ്ട്. ഇതും ഞാൻ ഇപ്പോൾ പരസ്യപ്പെടുത്തണമെന്ന് ഉദ്ദേശിച്ചിരുന്നതല്ല. എന്നാൽ, ഇത്ര വലിയ ഒരവസരത്തിൽ അവയിൽ ഒന്നെങ്കിലും പരസ്യപ്പെടുത്തേണ്ടതല്ലേ എന്നൊരു ചോദ്യം എന്നിൽ പലപ്പോഴും വന്നുകൊണ്ടിരുന്നു. അവസാനം പരസ്യപ്പെടുത്തുകതന്നെ എന്ന തീരുമാനത്തിൻെറ ഫലമാണ് ഈ **കൈവിളക്ക്** പുറത്തുവരുന്നത്.

ഇതിന്നു ആരെക്കൊണ്ട് ആമുഖം എഴുതിക്കണം എന്ന പ്രശ്നവും വന്നുകൂടി. ഏതെങ്കിലും ഒരു പുസ്തകത്തിന് ഇന്നയാളെക്കൊണ്ട് അവതാരികയെഴുതിക്കണമെന്നു ഏതാണ്ട് ഒരു കൊല്ലംമുമ്പു ഞാൻ തീരുമാനിച്ചതാണ്. ബ. തേർമഠം അച്ചനെക്കൊണ്ട് ആമുഖം എഴുതിക്കണമെന്നായിരുന്നു ആ തീരുമാനം.

കുറച്ചു കൊല്ലങ്ങൾക്കുമുമ്പ് തേർമഠം അച്ചൻ എഴുതിയ 'അന്ത്യഹാരം' എന്ന കൃതി വഴിയായിട്ടാണ് അവിട

# മുഖവുര

ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു തുടങ്ങിയതാണ് കവിത വായിക്കുന്നതിലുള്ള ഭ്രമം. പ്രത്യേകിച്ച് ആശാൻ, വള്ളത്തോറം തുടങ്ങിയവരുടെ കൃതികാം. അക്കാലത്തുതന്നെ കവിത രചിക്കുന്നതിലും ഞാൻ ഏർപ്പെട്ടിരുന്നു. ഈ കാലത്തിനിടയിൽ പല കാവ്യങ്ങളും ഞാൻ രചിച്ചിട്ടുണ്ട്. എന്നാൽ ഒന്നും പരസ്യപ്പെടുത്തുവാൻ ഉദ്യമിച്ചില്ല. അതെല്ലാം പിന്നീടാകാം എന്നു തീരുമാനിച്ചിരിക്കുകയായിരുന്നു. ഈ ചെറുകാവ്യം എഴുതിയിട്ടു ചുരുങ്ങിയതു രണ്ടുകൊല്ലമെങ്കിലും ആയിട്ടുണ്ട്. ഇതും ഞാൻ ഇപ്പോറം പരസ്യപ്പെടുത്തണമെന്ന് ഉദ്ദേശിച്ചിരുന്നതല്ല. എന്നാൽ, ഇത്ര വലിയ ഒരവസരത്തിൽ അവയിൽ ഒന്നെങ്കിലും പരസ്യപ്പെടുത്തേണ്ടതല്ലേ എന്നൊരു ചോദ്യം എന്നിൽ പലപ്പോഴും വന്നുകൊണ്ടിരുന്നു. അവസാനം പരസ്യപ്പെടുത്തുകതന്നെ എന്ന തീരുമാനത്തിൻെറ ഫലമാണ് ഈ **കൈവിളക്ക്** പുറത്തുവരുന്നത്.

ഇതിന്നു ആരെക്കൊണ്ട് ആമുഖം എഴുതിക്കണം എന്ന പ്രശ്നവും വന്നുകൂടി. ഏതെങ്കിലും ഒരു പുസ്തകത്തിന് ഇന്നയാളെക്കൊണ്ട് അവതാരികയെഴുതിക്കണമെന്ന് ഏതാണ്ട് ഒരു കൊല്ലംമുമ്പു ഞാൻ തീരുമാനിച്ചതാണ്. ബ. തേർമഠം അച്ചനെക്കൊണ്ട് ആമുഖം എഴുതിക്കണമെന്നായിരുന്നു ആ തീരുമാനം.

കുറച്ചു കൊല്ലങ്ങാംക്കുമുമ്പ് തേർമഠം അച്ചൻ എഴുതിയ 'അന്ത്യഹാരം' എന്ന കൃതി വഴിയായിട്ടാണ് അവിടു

ത്തെ കഴിവുകളെപ്പററി ആദ്യം ഞാൻ ചിന്തിക്കാൻ തുടങ്ങിയതു്. പിന്നീട്ടു് അച്ചൻെറ 'ത്യാഗവീരൻ' (Approved by the Madras Text Book Commitee as Non-detialed text-book for High School Classes) ഞാൻ വായിക്കുകയുണ്ടായി. അനന്തരം അച്ചൻെറ പല ലേഖനങ്ങളും എനിക്കു വായിക്കുവാൻ ഇടയായിട്ടുണ്ടു്. എന്നാൽ എനിക്കു അച്ചനെ നേരിട്ടു കണ്ടു പരിചയമില്ലായിരുന്നു. അച്ചൻെറ പ്രസംഗചാതുര്യത്തെക്കുറിച്ചും ഭാഷാനൈപുണ്യത്തെക്കുറിച്ചും പലരും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടായിരുന്നു.

കഴിഞ്ഞ അവധിക്കാലത്തിൽ എൻെറ ഇടവകപ്പള്ളിയുടെ അടുത്തുള്ള ഒരു പള്ളിയിൽവച്ചു മാതാവിൻെറ ഒരു തിരുനാഠദിവസം അച്ചൻെറ ഒരു പ്രസംഗം എനിക്കു ശ്രവിക്കുവാൻ സംഗതിയായി. ഫാത്തിമാമാതാവിനെക്കുറിച്ചായിരുന്നു പ്രസംഗം. ശ്രുതിമധുരമായ ശബ്ദം, സുമധുരമായ ഭാഷാശൈലി, അലങ്കാരസമ്മേളിതമായ പ്രയോഗങ്ങഠം എന്നിവയെല്ലാം അച്ചൻെറ കൂടപ്പിറപ്പുകളാണെന്നു പറഞ്ഞാൽ അതു വെറും വാസ്തവം മാത്രമായിരിക്കും.

ഇംഗ്ലീഷ് സാഹിത്യകാരനായ Joseph Addison പറയുന്നു: "A noble metaphor, when it is placed to an advantage cast a glory around it and darts a lusture through the whole sentence." അയായതു് "ഉൽകൃഷ്ടമായ ഒരു രൂപകം ഉചിതസ്ഥാനത്തു പ്രയോഗിക്കപ്പെടുമ്പോഠം അതിനു ചുററും പ്രഭാപൂരം വിതറി, വാചകത്തിനു ആകപ്പാടെ ഒരു തിളക്കം നല്കുന്നു."

കാരോന്നിനും പററിയ പദങ്ങളും, അലങ്കാരങ്ങളും, വാചക ഘടനയും, വാത്തെടുത്ത മട്ടിൽ ആ പ്രസംഗ

ത്തിൽ പ്രയോഗിക്കപ്പെട്ടിരുന്നു. പദങ്ങളെ അതാതിന്റെ സ്ഥാനത്തു നിരത്തിയാലുള്ള ഭംഗി അന്നാണു് ഞാൻ ശരിക്കറിഞ്ഞതു്. എന്തൊരു പ്രവാഹം! ശാസ്ത്രവും ഭാവനയും ഒത്തുചേർന്നു് അലങ്കാരഭാഷയിലൂടെ പ്രവഹിക്കുന്ന വാക്യങ്ങൾ ആരുടേയും ഹൃദയത്തെ ഇളക്കുവാനും ബുദ്ധിയെ പ്രകാശിപ്പിക്കുവാനും ഉപകരിക്കാതിരിക്കയില്ല. സത്യത്തിന്റെ പ്രകാശം വിതറുന്ന ആശയങ്ങൾക്കു പഴക്കമില്ലല്ലൊ. കലാവിലാസ സുന്ദരമായ പദങ്ങൾ ഏതു കാലത്തേയും വശീകരിക്കുന്നതാണല്ലൊ. ചിന്താചോദകങ്ങളായ ആശയങ്ങളുടേയും അവയെ സംവഹിക്കുന്ന മഹനീയ വാക്കുകളുടേയും കർത്താക്കൾ മങ്ങാത്ത ദീപങ്ങളാണു്. ഉത്തമ കാവ്യത്തിലാണെങ്കിൽ അതിൽ മൂന്നു ഗുണങ്ങൾ തെളിഞ്ഞുകാണാം.

1. ആലോചനാപരം (Intellectual element)
2. വികാരപരം (Emotional element)
3. ഭാവനാപരം (Element of imagination)

ഇപ്രകാരംതന്നെ ഉത്തമ സാഹിത്യകാരന്റെ പ്രസംഗത്തിലും ഈ മൂന്നു ഗുണങ്ങളും തെളിഞ്ഞുകാണുവാൻ സാധിക്കും. കന്യകാമാതാവു സുവിശേഷത്തിൽ മൂന്നുപ്രാവശ്യം സംസാരിക്കുന്നതായി കാണുന്നു എന്നു തുടങ്ങി അതിൽ ഓരോന്നിനേയും വിശദീകരിച്ചു് അച്ചൻ പ്രസംഗിച്ചു. മാതാവിനെക്കുറിച്ചുള്ള ഇത്ര നല്ല ഒരു പ്രസംഗം ഞാൻ ഇതിനുമുമ്പു കേട്ടിട്ടില്ല. ഞാൻ ആദ്യം പറഞ്ഞ ആ മൂന്നു ഗുണങ്ങളും ആ പ്രസംഗത്തിനുണ്ടായിരുന്നു എന്നുള്ളതാണു് അതിന്റെ മേന്മ. അച്ചന്റെ കുറെ പ്രസംഗങ്ങൾ എനിക്കു കേൾക്കുവാൻ സാധിച്ചു

ങ്കിൽ എന്നു ഞാൻ യഥാർത്ഥത്തിൽ അപ്പോഠം ആശിച്ചു. അവിടുന്നു ഇത്ര മനോഹരമായി പ്രസംഗിക്കുന്നതു് കാരണം കൂടാതെയല്ല. അതു ദൈവദത്തമായ കവിതാവാസനയുടേയും പ്രകൃതിദത്തമായ പ്രസംഗപാടവത്തിൻേറയും സ്വപരിശ്രമഫലമായ പാണ്ഡിത്യത്തിൻേറയും ഒരു ബഹിർസ്ഫുരണം മാത്രമാണു്. ആ പ്രസംഗത്തിലെ പല ആശയങ്ങളും, പല മനോഹരമായ പ്രയോഗങ്ങളും, എൻെറ ചെവിയിൽ ഇന്നും മാറെറാലിക്കൊള്ളുന്നതുപോലെ തോന്നുന്നു. അന്നു് എൻെറ ചിന്തയിൽ കയറിയ ഒന്നാണു് ഇന്നു അച്ചനെക്കൊണ്ടു് എൻെറ പുസ്തകത്തിന്നു ആമുഖം എഴുതിപ്പിക്കുവാൻ പ്രേരിപ്പിച്ചതു്.

പിന്നീടു് ഈ ആവശ്യത്തിന്നായി ഞാൻ അച്ചനെ സമീപിച്ചപ്പോഠം അച്ചൻെറ മേശപ്പുറത്തിരിക്കുന്ന നല്ല നല്ല പുസ്തകങ്ങളുടെ ശേഖരം കണ്ടപ്പോഠം ഞാൻ വിസ്മയിച്ചുപോയി. മാതാവിനെക്കുറിച്ചു്, ഒന്നാംകിടയിൽ നില്ക്കുന്ന ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ള അനവധി ഇംഗ്ലീഷുപുസ്തകങ്ങഠം അവിടെ നിരത്തിയിരുന്നു. വെറുതെയല്ല അച്ചൻ മാതാവിനെക്കുറിച്ചു് ഇത്ര സാമൃക്കായി സംസാരിക്കുന്നതു്. മാത്രമല്ല, മാതാവിൻെറ മനോഹർമായ ഒരു ചെറിയ പ്രതിമയും ആ മേശപ്പുറത്തുണ്ടു്. മാതാവിനെക്കുറിച്ചു നന്നായി എഴുതണമെങ്കിൽ ആ അമ്മയുടെ സഹായം കൂടിയേ തീരു. ആ മനോഹര പ്രതിമയുടെ മുമ്പിലിരുന്നായിരിക്കണം അച്ചൻ 'വെള്ളിനക്ഷത്രം' രചിച്ചിട്ടുള്ളതു്.

കാവ്യനിരൂപണത്തിൻെറ വിശാലമായ വീക്ഷണപരിധി, സഹൃദയത്വം, രസബോധാർദ്രവും സദ്വാസ

നാശോഭനവുമായ പാണ്ഡിത്യം, നിശിതമായ വിവേചനാപാടവം, കാവ്യരസം സ്ഫുരിക്കുന്ന ഭാഷാവിലാസം എന്നീ ഗുണവിശേഷങ്ങളായിരിക്കണം ഒരു നിരൂപകനെ അലങ്കരിക്കുന്ന പ്രധാന ഗുണങ്ങൾ. ഈ ഗുണവിശേഷങ്ങൾ ഒത്തുചേൎന്ന ഒരാളെ കണ്ടുകിട്ടുവാൻ അത്ര എളുപ്പമല്ലല്ലോ.

ഈ ഗുണങ്ങൾ ഒത്തുചേൎന്നതായ അതെ ഫാദർ തേർമാം എം. ഒ. എൽ. അവർകളോട്ട് അതിന്നായി ഞാൻ അഭ്യൎത്ഥിച്ചു. മഹാമനസ്കനായ അവിടുന്ന് അതിന്നു വിസമ്മതിച്ചില്ല. അച്ചൻ എന്നോടു പറഞ്ഞു: 'ഞാൻ ആമുഖം എഴുതുകയാണെങ്കിൽ ഉള്ളതിനെ അതേപടി എടുത്തുകാണിക്കും.'' അതേ, ദൂഷ്യവശങ്ങളേയും ഗുണവശങ്ങളേയും ചൂണ്ടിക്കാണിക്കുമെന്നു സാരം. അതെ, അതുതന്നെയാണ് ഒരുത്തമ നിരൂപകന്റെ കൎത്തവ്യം. അല്ലാത്ത നിരൂപണം ഭാഷയ്ക്കും മനുഷ്യസമുദായത്തിന്നും ഒരുപോലെ ഉപദ്രവകരമാണ്. സഹൃദയനും, സംസ്കൃത പണ്ഡിതനും, കവിയും, ഗദ്യകാരനും, വാഗ്മിയുമായ റവ. ഫാദർ തേർമാം എന്റെ ഈ ചെറിയ കൃതിക്കു ആമുഖം എഴുതിയതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ആമുഖത്തിൽ അച്ചൻ പറഞ്ഞിരിക്കുന്ന സാരോപദേശങ്ങൾക്ക് എന്നിൽനിന്നു മേലിൽ ഉണ്ടാകുന്ന കൃതികളിൽ സ്ഥാനമുണ്ടാകുമെന്നു ഞാൻ ഉറപ്പായി പറയുന്നു.

അനവധി ജോലിത്തിരക്കിനുള്ളിൽ വിലയേറിയ ഈ ആമുഖം എഴുതിത്തന്ന അവിടുത്തേയ്ക്കു എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുള്ള കൃതജ്ഞത. അല്പം

ധൃതിയോടുകൂടിയാണ് ഞാൻ ഈ കൃതി അച്ചടിപ്പിക്കാൻ കൊടുത്തതു്. നേരത്തെ എഴുതിവച്ച മട്ടിൽ അതേപടി കൊടുക്കേണ്ടിവന്നതിനാലും മററും അധികം ശ്രദ്ധ ചെലുത്തുവാൻ കഴിയാതെവന്നു. അടുത്ത പതിപ്പിൽ ഞാൻ അതു പരിഹരിച്ചുകൊള്ളാം. ഇനിയും ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഇനി എനിക്കു നന്ദിപറയാനുള്ളതു് എൻെറ അപേക്ഷയനുസരിച്ചു് ഈ പുസ്തകത്തിൻെറ പ്രൂഫ് നോക്കിയ സംസ്കൃതപണ്ഡിതനും സഹൃദയനും അനേക മനോഹരകാവ്യങ്ങളുടെ കർത്താവുമായ സാഹിത്യനിപുണൻ ശ്രീ. ടി. ആർ. നായർ അവർകളോടാണ്. അദ്ദേഹത്തിന്നു് എൻെറ കൃതജ്ഞതാനിർഭരമായ കൂപ്പുകൈ!

ഈ കൃതി ഇത്രയും കുറച്ചു സമയത്തിനുള്ളിൽ ഇത്ര ഭംഗിയായി അച്ചടിച്ചുതന്ന യൂണിയൻ പ്രസ്സിൻെറ ഭാരവാഹികളോടു് എനിക്കുള്ള കടപ്പാടു രേഖപ്പെടുത്തിക്കൊള്ളുന്നു.

പ്രത്യേകമായി, ഈ വിനീത ശ്രമം ശുഭമായി അവസാനിക്കാൻ ഇടവരുത്തിയ പരിശുദ്ധ കന്യകാമറിയത്തിന്നു സ്വസ്തിചൊല്ലിക്കൊണ്ടു ഞാൻ വിരമിക്കുന്നു.

പരിയാരം,
മാർച്ച് 1956.

ഗ്രന്ഥകർത്താ:

# വായനക്കാരോട്

പതിനൊന്നാം പേജിൽ പതിനാലാം വരിയിലെ 'ചമ്മത്തന്റെ' എന്നതു് 'ചമ്മത്തിന്റെ' എന്നും, പതിനെട്ടാം പേജിൽ എട്ടാം വരിയിലെ 'മത്ത്യചിത്തത്തിൻ' എന്നതു് 'മത്ത്യചിത്തത്തിൽ' എന്നും, പത്തൊമ്പതാം പേജിൽ ഇരുപത്താറാം വരിയിലെ 'പാടി' എന്നതു് 'പാടി സ്തോത്രം' എന്നും തിരുത്തിവായിക്കാനപേക്ഷ.

# കൈവിളക്ക്

(വഞ്ചിപ്പാട്ട്)

## ഒന്നാം ഭാഗം

മൂന്നുനിലയെഴുന്നതായ് മിന്നൽമണിവിളക്കുകൾ
മിന്നുമൊരു രമ്യമായ മാളികയിതാ!
വിലസിനില്ക്കുന്നുവാനിൽ വിചിത്രമാം രൂപംകൊണ്ടു
വലിയൊരു ധനവാൻെറ വീടെന്നപോലെ
മാളികതൻ വരാന്തയിൽ റേഡിയോയിണക്കി നല്ല
ചേലിലലങ്കാരമൊന്നു ചമച്ചിരിപ്പൂ.
ഉണ്ടതിൻെറമുൻവശം വരാണ്ടുമലർവാടിയൊന്നു
വണ്ടുകൾതൻമോദമേറും വിഹാരരംഗം!
സുരഭിലകുസുമങ്ങൾ ഇളംചിരിതഞ്ചീടുന്നു!
സരസമായ് പൂമ്പാററകൾ സഞ്ചരിക്കുന്നു!
പരിസരദിക്കിലെല്ലാം പൂന്തണലെഴുംമരങ്ങൾ
പരമുയരത്തിലങ്ങു പരിലസിപ്പൂ!

ചേണാളുമാവീടിനുള്ള സ്വത്തിനെഴുമവകാശി
ജോണിയെന്നയേകപുത്രൻ മാത്രമാണോത്താൽ
ബാല്യകാലം കഴിഞ്ഞവൻ യൌവനത്തിൽ കാലുകുത്തി
കാലത്തിന്നനുസരിച്ച വിദ്യയുംനേടി.

പുത്രനു ചരിത്രം നല്ല വിജ്ഞാനമങ്ങേകിയാലും
തത്വശാസ്ത്രം നിരീക്ഷണശക്തിതന്നാലും
കാവ്യം കല്പനാശക്തിയേ വേണ്ടുവോളമേകിയാലും
ജീവൽസാഹിത്യത്തിൽ ജ്ഞാനമേറിയെന്നാലും
ഗണിതശാസ്ത്രത്തിൽപാരം വിദഗ്ദ്ധതവന്നാലുമേ
മനഃശാസ്ത്രമേകാൻമതം കൂടിയേതീരൂ!
എന്നു പാൎത്തു പിതാക്കന്മാർ പ്രിയപുത്രനുണർവേകാൻ
നന്നായ്മതചിന്തകളെ ഉൽബോധിപ്പിച്ചു.
പരീക്ഷയിൽ പാസായിത്താനുടനടിയെന്തിനേയോ
പരിചോടു ചിന്തിച്ചങ്ങു ദിനങ്ങൾപോക്കി
കാത്തിരുന്ന കാര്യംവന്നിതേറെനാളുകഴിഞ്ഞില്ല
കത്തുകിട്ടിവായിച്ചുടൻ തൃപ്തനായ്ത്തീൎന്നു!
ഒരുക്കങ്ങൾ ചെയ്യുവാനായ് ബദ്ധപ്പെട്ടുമവനുടെ
ചരിത്രമൊരുത്തനുമേയറിഞ്ഞതില്ല.
കുട്ടിക്കാലം മുതൽക്കുതാൻ ആശിച്ചിരുന്നകാര്യത്തെ
വെട്ടിഎത്തിൽനിന്നുനീക്കാൻ സാദ്ധ്യമല്ലല്ലോ
മാതാപിതാക്കളറിഞ്ഞാലൊരുപക്ഷേ നിരസിക്കും
സന്തപിക്കുമെന്നുമെന്നുമവനറിഞ്ഞു.
തുറന്നുകാര്യംപറഞ്ഞു വിചാരിച്ചപോലെയതു
നിരസിക്കതന്നെചെയ്തു മാതാപിതാക്കൾ
എങ്കിലും താൻതീർച്ചയാക്കിയക്കാര്യത്തിൽനിന്നു മാറാൻ
പോകുന്നില്ലയെന്നെല്ലാരും നന്നായറിഞ്ഞു.
പരമല്ലകാര്യമതു ക്രിസ്തുവിൻെറയാദർശത്തെ
പരത്തുവാനായ്പ്പോകുവാൻ തീർച്ചയാക്കിതാൻ.

അജ്ഞാനമാം കൂരിരുളിൽ മറയുമോജീവികൾക്കു്
വിജ്ഞാനമാം വെളിച്ചത്താലുണർവ്വുനൽകാൻ!

കൊയിത്തിന്നുപാകമായി കിടക്കുന്നുവയലുകൾ
കൊയിത്തുകാരോ ചുരുക്കം കൊയ്യേട്ടുക്കുവാൻ
കൊയ്യാറായിക്കിടക്കുമീ പാടമെല്ലാം കൊയ്യില്ലെങ്കിൽ
അയ്യോ! നശിച്ചുപോകുമീവിളവു കഷ്ടം!
കൊയ്ത്തിന്നായ് ക്കൊയിത്തിൻനാഥൻക്ഷണിയ്ക്കു
(യാണിന്നുമെന്നും
പത്തുനൂറായിരംപേരെ വിളവിലേയ്ക്കായ്

ലൌകികങ്ങളായിട്ടുള്ള നേട്ടങ്ങളെ ക്രൂസലെന്ന്യേ
ആകെട്ടൂരെയെറിഞ്ഞവൻ യാത്രയുമായി.
ഈശ്വരൻെറയിംഗിതത്തെ ചെയ്യുവാനല്ലാതെതാനീ–
വിശ്വത്തിങ്കൽവന്നില്ലെന്നു ചിന്തയുമാന്നു.
ഉറച്ചുതൻഹൃത്തടത്തിൽ മനസ്സുകൊണ്ടു കില്ലെന്ന്യേ
ഉരച്ചുതൻമുമ്പിലുള്ള ലോകത്തോടായി:
“ലോകമേ! നിൻപ്രസരിപ്പിൽ സുഖങ്ങളെത്രകണ്ടാലും
ശോകമെഴും നാടകവും കാണുകയുണ്ടാം
നിരത്ഥകപ്രപഞ്ചമേ! നിഷ്ഠുരമാം നിൻപ്രവൃത്തി
ചിരിച്ചുനിന്നുനീപിന്നെ കൊന്നിടുംനൂനം;
നിന്നിലുള്ളതെല്ലാംവെറും ചെപ്പടിവിദ്യകളാണു്
ഇന്നല്ലെങ്കിൽ നാളെനിൻെറ ഹൃത്തടംകാണും
ഉലകമേ! നിന്നെ സേവചെയ്യുമെങ്കിൽ എന്നെ നീതാ–
നുലച്ചീടുംവിഴുങ്ങീടുമല്പകാലത്താൽ.”
ആദ്ധ്യാത്മികജീവിതത്തെ നയിക്കുന്ന മനുഷ്യന്മാർ
ബോധത്തിൻെറകണ്ണുകൊണ്ടേ കാണുകയുള്ളു!
എത്രയെത്രമാനുഷന്മാർ ലൌകികനേട്ടങ്ങൾക്കായി
ഹൃത്തടത്തെലോകത്തിന്നായ് കാഴ്ചവെയ്ക്കുന്നു!
നശിക്കുമീലോകം, കഷ്ടം! ദൂഷിച്ചീടുമാശയാലേ
വശീകരിക്കപ്പെട്ടുന്നു നിരന്തരമായ്!

ഉടനെത്രയുവാക്കളീബന്ധനമാം ചങ്ങലയിൽ
കുടുങ്ങി ദൈവത്തിൻചിത്തം നിരസിക്കുന്നു.
കഠിനമെന്തിനോതുന്നു, എത്രയുവാക്കന്മാരിന്നു
കുടുംബമാം ചങ്ങലയിൽ കുടുക്കപ്പെട്ടു
ദൈവവിളിയെ നിരസിച്ചുലകിനെ സേവചെയ്വാൻ
ഭാവിക്കുന്നു ചെയ്വതെന്തു ചങ്കുറപ്പെന്ന്യേ.
“മാതാപിതാക്കന്മാർ നിന്നെ പരിപാലിച്ചുവളർത്തി
ഇത്രകാലത്തോളമവർ നിൻെറ രക്ഷകർ
പാദസേവചെയ്തീടുവാൻ ചുമതലപ്പെട്ടോ”നെന്നു
ഭൂതലത്തിലോതീടുന്നോരെത്രയുണ്ടാകാം!
തന്നെപ്പിന്നെ താതനേയും പ്രിയമെഴും തായയേയും
പിന്നെ ലോകത്തിങ്കലുള്ളതെന്തുതന്നേയും
നിരസിക്കും മനുഷ്യനു ലഭിക്കുവാനുള്ള ഭാഗ്യം
അറിയുന്നോരെത്രതുച്ഛം ഇന്നു ലോകത്തിൽ!
താരുണ്യദശയിൽ മായാമോഹങ്ങൾക്കടിമപ്പെട്ടു
പാരിടത്തിൽ നാളെ വെറും ശൂന്യമായ്ത്തീരും
നിരർത്ഥകപ്രപഞ്ചത്തിൽ മയങ്ങിയുമുല്ലസിച്ചും
മരിക്കുന്നതെത്ര ഘോരശോകനാടകം.
കുലജാതിമഹത്വവും പ്രകൃതിദത്തമായുള്ള-
നിലയെല്ലാമൊന്നുപോലെ മണ്ണിലായ്ച്ചേരും
എത്രമാത്രമാശയങ്ങളെത്രമാത്രമാഗ്രഹങ്ങൾ
ഹൃത്തടത്തിലുദിച്ചുണ്ടു അസ്തമിക്കുന്നു.
ഓരോതരമുന്നതമാം ബിരുദങ്ങൾ നേടുവാനും
പാരിടത്തിൽ കീർത്തിയാർജ്ജിക്കുന്നതിനായും
വിത്തവും മററുള്ളതായ സൌഭാഗ്യങ്ങളൊക്കെച്ചേർന്നു
നിത്യം സൌഖ്യത്തോടെ വാഴാൻ കൊതിച്ചീടുന്നു!

കാണുവാനും കാണപ്പെടുന്നതിനുമുള്ളാഗ്രഹങ്ങൾ
എന്നുമെന്നും ഹൃത്തടത്തിൽ ഊറിവരുന്നു!
ഉന്നതസ്ഥാനത്തിരുന്നു പ്രശംസകൾ കിട്ടുവാനായ്
മന്നിടത്തിലെത്രയെത്ര മനുഷ്യരിന്നു്
പണിപ്പെടുന്നയ്യോകഷ്ടം ദിനരാത്രങ്ങളെത്രയീ-
ക്ഷണികമാം തൃപ്തിക്കായി ബലികഴിപ്പൂ!
തുരുമ്പു, ചിതലെന്നിവ ആക്രമിക്കാത്ത വിത്തമേ
മരിക്കും വേളയിൽ മർത്ത്യനുപകരിക്കൂ.
ലൗകിക നേട്ടങ്ങൾക്കായി വേലചെയ്തവനുകൂലി
ലോകമേകി; പുനരൊന്നും കാത്തിരിക്കേണ്ട!
ലോകവുമതിന്റെ നാനാസുഖങ്ങളെല്ലാം വെടിഞ്ഞ-
യോഗികളെ മൂഢരായി ഗണിപ്പോരില്ലേ?
കീർത്തിക്കായി മർത്ത്യചിത്തം കയർത്തിടുന്നെത്രമാത്രം
പാർത്തട്ടിൽ മരിക്കുവോളം അസ്തമിക്കില്ല.
ഒരിക്കലീ ചിന്തപോയിട്ടല്പകാലം കഴിയുമ്പോൾ
പരിചോടുപാരാവാരത്തിരകൾതുല്യം
പിന്നെയും വന്നാഞ്ഞടിക്കും അതിനെക്കീഴമർത്താഞ്ഞാൽ
പുണ്യജീവിതം സ്വപ്നമായ് തീർന്നീടും നൂനം.
പാരിടത്തിലൈശ്വര്യങ്ങൾ ഇന്നുവിരിയും പൂക്കൾപോൽ
നീറിക്കരിഞ്ഞതാ! നാളെ മണ്ണോടുചേരും.
ബാല്യകാലത്തിൽ കുട്ടികൾ പൂഴികൊണ്ടു രൂപംതീർത്തു
അല്പസമയത്തിനുള്ളിൽ ഉടഞ്ഞുകാൺകിൽ
അല്ലലായി തീർന്നതിനെ മൂഢമായിയിന്നുകാണും-
പോലെയല്ലേ ലോകത്തിൽ ഹാ! മോഹിപ്പതിന്നും!
വാർദ്ധക്യദശയിൽകാണ്മൂ വിചിത്രമാം യൗവനത്തി-
ന്നൗദ്ധത്യങ്ങളിത്രമാത്രം കാതലില്ലാതെ

സൃഷ്ടിയായ മാനുഷൻ തൻ സ്രഷ്ടാവിനെ ഗണിക്കാതെ
തൊട്ടതൊന്നും ശുഭമായിത്തീരുന്നതല്ല.
സൃഷ്ടികളെ സൃഷ്ടിച്ചതാം സ്രഷ്ടാവുതാൻ മർത്ത്യനിങ്കൽ
സ്രഷ്ടാവിങ്കലെത്താൻ തുഷ്ടിചമച്ചിതേവം
ഈശനിങ്കൽ വിശ്രമിക്കാതവനില്ല വിശ്രമവും
ശാശ്വതമീസത്യം ദൈവം മർത്ത്യനിൽനട്ടു.
തവയുന്നമെത്രമാത്രം മഹനീയമെന്നറിഞ്ഞോ-
രവനിയിലെത്രമാത്രം തുച്ഛമാകുന്നു.

*        *        *        *

ലോകമദ്ധ്യത്തിൽ ജീവിച്ചിട്ടതിൻെറ സന്തോഷങ്ങളെ
ആകെവെടിഞ്ഞിട്ടൊന്നിനേയാഗ്രഹിക്കാതെ,
ഓരോ വീട്ടിൻേറയുമൊരു അംഗമായിത്തീരുകയും
ആരുടേയുമൊരിക്കലും സ്വന്തമാകാതെ,
ദുരിതങ്ങൾ സഹിക്കയും രഹസ്യങ്ങളൊക്കെ നന്നായ്
അറികയും മുറിവുകൾ സൌഖ്യമാക്കയും,
മർത്ത്യനിങ്കൽനിന്നു ദൈവത്തിൻെറ പക്കലെത്തിക്കൊണ്ടു
പ്രാത്ഥന യവക്കുള്ളതു കാഴ്ചവെയ്ക്കയും
ദൈവത്തിങ്കൽനിന്നു മർത്ത്യക്കായിക്കൊണ്ടു ശരണവും
ദൈവാനുഗ്രഹവും മാപ്പും മർത്ത്യക്കായ് വാങ്ങി
സ്നേഹത്തിനായ് ജ്വലിക്കയും ആയുഷ്ക്കാലം ശുദ്ധതയ്ക്കായ്
ദാഹിയ്ക്കയും ചെയ്യുന്നോരു ചിത്തവുമേന്തി
നന്നായ് പഠിപ്പിക്കുകയും പൊറുക്കയും ചെയ്തു പാരിൽ
എന്നും സമാധാനിപ്പിപ്പാനാഗ്രഹിക്കുന്ന
ജീവിതം ഹാ യെത്രകാമ്യം! അതു നിൻെറയാകുമെങ്കിൽ
ഭാവിയെത്ര ശോഭനമായ്ത്തീരുമീലോകേ!

*        *        *        *

ഏഴ്

കിഴക്കുവെള്ളവീശുന്ന ഭാനുമാൻെറ കിരണങ്ങൾ
അഴകോടെയംബരത്തിൽ കാന്തിയേററുന്നു.
പക്ഷിവൃന്ദമൊക്കെയപ്പോൾ ഉത്സാഹഭരിതരായി
കൂകിക്കൊണ്ടു സൂര്യനായി സ്വസ്തിചൊല്ലുന്നു.
ഇളംചെടിച്ചില്ലതോറും നിറഞ്ഞുലഞ്ഞുകൊണ്ടങ്ങു
മലർ ചിരിപൊഴിയുന്നു നാലുപുറത്തും
സാദഹീനം ലതകൾതൻ താളമേളങ്ങൾ തുടങ്ങി
മോദമോടെ പൂമ്പാററകൾ പറന്നീടുന്നു.
മൂളിമൂളി വരുന്നിതാ കൂട്ടംകൂട്ടമായി ഭൃംഗ-
പാളി ദിക്കുതോറും പാറിപ്പറന്നീടുന്നു.
സ്വർണ്ണച്ചാർ നിറഞ്ഞുള്ളോരാ ചെങ്കുടത്തിൽനിന്നുശീഘ്രം
വിണ്ണുവിട്ടു മണ്ണിലേയ്ക്കായ് പൊഴിച്ചീടുന്നു.
പരിസര ഭൂവിലെല്ലാം പരിമളധോരണിയേ
പരത്തുന്ന തൈത്തെന്നലും വീശിവന്നുടൻ
വെളിച്ചത്തിൽക്കുളിച്ചുള്ള കാർമുകിൽനിരകൾ വാനിൽ
കളിച്ചുകിഴക്കോട്ടപ്പോൾ പാഞ്ഞുപോകുന്നു.

യാത്രയ്ക്കുള്ളയൊരുക്കങ്ങൾ ചെയ്യോക്കയും പൂർത്തിയായി
മാതൃചിത്തം ഖേദിക്കാതെ എന്തുചെയ്യുവാൻ
തന്നെയിന്നോളം പോററിയ പ്രിയമെഴും മാതാവിന്നു
നന്ദിചൊല്ലിപ്പിരിഞ്ഞിടാനെത്രവൈഷമ്യം.
നിനയ്ക്കുകിലിതിനോളം ഭാരമേറും ക്രൂരശിക്ഷതാൻ
ഇതുവരെ ജീവിതത്തിൽ കണ്ടതില്ലല്ലോ
പിച്ചവെച്ചുനടന്നപ്പോൾ മാതാവിൻെറ ചിത്തത്തിങ്കൽ
ആശാകേന്ദ്രമായിരുന്ന പുത്രനിന്നിപ്പോൾ
തന്നെവിട്ടുപോയിടുന്നാ ശോകമായ നാടകത്തെ
കാണുവാൻ ശക്തിയില്ലെങ്കിൽ ആശ്ചര്യമില്ല.

ചെറുതൊട്ടിയിൽകിടത്തി താലോലമായാട്ടീടുന്നോ-
സ്മരണകൾ മാതൃചിത്തം കണ്ടീടുന്നുണ്ടാം
നിലത്തുവരച്ചക്ഷരം പഠിപ്പിച്ചതായയേയും
കളിക്കോപ്പു വാങ്ങിത്തന്ന തൻതാതനേയും
ചിരകാലം മിത്രങ്ങളായ്ക്കഴിഞ്ഞ യുവാക്കളേയും
പിരിയുന്നഘട്ടമെത്ര പ്രയാസം നൂനം
മടങ്ങി വരുമെന്നുള്ള പ്രതീക്ഷയോയില്ലവക്ക്
അടങ്ങീടാത്താത്താപത്തെ മിഴിയിൽകണ്ടു
എന്തിനധികം ചൊല്ലുന്നു വീട്ടിൽനിന്നു പുറപ്പെട്ടു
എത്തിശീഘ്രം തീവണ്ടിയിൽ യാത്രചെയ്യുവാൻ.
തത്വങ്ങളെയെത്രമാത്രം നിരത്തിവെച്ചാലും ശരി
മാതൃചിത്തം വിരഹത്തിൽ കരയും നൂനം!
വിദൂരദിക്കിൽ നിന്നൊഴും വണ്ടിയുടെ ചൂളംവിളി
യതാ! ഖേദമേകിച്ചെവിതുളച്ചീടുന്നു!
വണ്ടിവന്നു തൻെറ മാതാപിതാക്കളെ നോക്കിയവൻ
നന്ദിചൊല്ലി വേഗംതന്നെ വണ്ടിയിലായി
ദുഃഖനാദം മുഴക്കുന്ന വണ്ടിയിലെ പുത്രനുടെ
മുഖത്തുടൻ രണ്ടു മുത്തു കാണ്മതുണ്ടായി.
“പുറപ്പെടുന്നു ഞാനിന്നു; പിന്നൊരുനാൾ നാമെല്ലാരും
ഒരേസ്ഥലത്തെത്തീടുമ്പോൾ കാണാമിനിയും”
എന്നോതിയായുവാവിനെ നോക്കിനിന്ന നിജതായ
മൂന്നുനാലു നിമിഷത്തിലുള്ളിലായയ്യോ!
വീഴ്ത്തീടുന്നു ഹൃത്തിൽനിന്നുപൊട്ടിയൊഴുകുന്നതായ
മിഴിനീരിൻതുള്ളികളെ ഭുവിലേക്കായി.
വിട്ടുപിരിയുന്ന നേരം മനുജസഹജമായ
ഒട്ടേറെകദനഭാരം വന്നതുമൂലം

## ഒമ്പതു്

പരം ആശയോടെയവർ കാത്തിരുന്ന നിധിപോകേ
കരയുകയായിരിക്കാം ലൌകികചിത്തം.
യഥാർത്ഥതീക്ഷ്ണതയുള്ള തീർത്ഥകനു ദീർഘദീർഘ-
പഥത്തിലെ തടസ്സങ്ങൾ സാരമില്ലല്ലോ!
വണ്ടിയിളകിത്തുടങ്ങി, പ്രിയപുത്രൻ നാടുവിട്ടു;
ഇണ്ടലോടെ വീട്ടിലവർ തിരിച്ചുപോന്നു.
മനോവ്യാധി കഷ്ടമിതു മഹാവ്യാധി തന്നെയെന്നും
കനകം മനക്കലക്കം നീക്കുകില്ലല്ലോ!
ഇണ്ടലാകും കൊണ്ടലിനെ മനമാം മാനത്തിൽനിന്നു
മണ്ടിപ്പതു വൻകാററാകും പ്രാർത്ഥനാമാത്രം
ആശ്രയമായിവർക്കിനിമുതല്ക്കുള്ള കാലത്താള-
മീശ്വരങ്കൽ ദൃഷ്ടിനീട്ടിക്കഴിഞ്ഞിടേണ്ടു!

# രണ്ടാം ഭാഗം

കാലചക്രം കറങ്ങിപ്പോയ്, സംഭവബഹുലമായ
നാലോഅഞ്ചോ വർഷംനീങ്ങി യൊന്നിനൊന്നായി.
വിദൂരദേശത്തെഴുന്നോരാസ്പത്രിയിൽ രോഗമാന്ന്
ഏതോ ഒരു യുവാവിനെ കാണ്മതുണ്ടായി
സൌന്ദര്യോദയമാന്നുള്ള വദനവും തൻകാന്തിയും
ഒന്നിനൊന്നായ് തന്നിൽനിന്നു മസ്തമിച്ചുപോയ്
മധുരമാം സംസാരവും കലീനമാം നോട്ടങ്ങളും
മധുവൂറും പുഞ്ചിരിയും മറഞ്ഞുനൂനം
ഇന്നയ്യോ! കാണുന്നതെന്ത്? ചരമത്തിൻ കരിനിഴൽ;
മന്നിടത്തിൽ തനിക്കിനിയേറെനാളില്ല.
കൊഴുത്തുരുണ്ടുള്ള കയ്യും മെഴുത്തുരുണ്ടുള്ളമെയ്യും
തുടുത്തൊരുനാളിൽകണ്ട വദനവുമേ
അസ്ഥികളും ശക്തികെട്ട സിരകളുമെല്ലാമൊത്തു
ചേർത്തു ചർമ്മത്തിന്റെയുള്ളിൽ പൊതിഞ്ഞപോലായ്!
വേറെയാരുമല്ലയവൻ അല്പകാലംമുമ്പുപോയ
ആരോഗ്യസമ്പത്തുണ്ടായ ജോണിതന്നെയാം

പുരോഹിതനാകാനുള്ള അഭ്യസനത്തിന്നായിട്ടു
കുറെക്കാലംകൂടിയിവൻ പഠിക്കവേണം.
എന്തിതിവന്നിപ്രകാരം സംഭവിപ്പാൻ ഹേതുകഷ്ടം
മർത്ത്യരെങ്ങാൻ കൈയ്യേററങ്ങൾ ചെയ്തതാകുമോ?
അതുമല്ലയെങ്കിൽ ചികിത്സയ്ക്കുപണമില്ലാഞ്ഞിട്ടോ
പുത്രനിപ്രകാരമഹോ വന്നുഭവിച്ചു.
അല്ലയെങ്കിൽ ദീനന്മാർക്ക് അനുദിനസേവചെയ്ത-
മൂലമയ്യോരോഗം തന്നിൽ പകന്നതാമോ?
വേറെയൊന്നുമല്ലയിതിൻകാരണത്തെ താൻവിളിച്ചു
നേരേവരുത്തിയകൃത്യം എത്രയോ സത്യം!
ഇത്രവേഗം ശൈശവത്തിൽനിന്നു പൊങ്ങിവന്ന ചെടി
പുഷ്പിക്കേണ്ടും കാലത്തിതാ വീണുപോകുന്നോ?
അദ്ധ്വാനത്തിൻ കൂരമ്പുകൾ ക്രൂരമായി യുവാവിനെ
കുത്തുമെന്നാരറിഞ്ഞു ഇത്രവേഗത്തിൽ.
സ്വർണ്ണക്കാസയുമേന്തി നീ ദിവ്യരുധിരമുയർത്താൻ
മന്നിടത്തിലെത്രമാത്രം വാഞ്ഛയാർന്നഹോ
ഇന്നീനിമിഷംവരെ നീ നിൻെറ ഗാത്രം ബലിയായി
നിന്നീശന്നായ് നല്കിയെങ്കിൽ എന്തിനിവേണം
ഈ ബലിയെമാത്രമേ നിൻ ദിവ്യനാഥൻ പക്കലിന്നു
ഇമ്പമായി കാണ്മതുള്ളു എന്നുനീയോർക്ക
രുധിരം ചൊരിഞ്ഞുള്ളോരാമരണത്തെക്കാൾ ഭീകരം
അധികനാൾ വ്യാധിയായി ജീവിപ്പതല്ലേ.
തീക്ഷ്ണതയാൽ ധീരധീരം അനവധിദൂരം യാത്ര
താപംതണുപ്പെന്നിവയെ നോക്കിടാതേയും
സൈക്കിൾ ചവിട്ടിയും പിന്നെ അദ്ധ്വാനമേറുന്നതായ-
തൊക്കെയും താൻ ചെയ്തുകൊണ്ടു ജീവിതമാർന്നു.

കുന്നുകളും, കാടുകളും, മേടുകളും, തോടുകളും
ഒന്നൊന്നായി ദിവ്യരാജ്യം വിസ്തൃതമാക്കാൻ
പണിപ്പെട്ട ക്രൂസലെന്ന്യേ ക്ഷീണമെല്ലാം കാഴ്ചയായി
അനുദിനം സമർപ്പിച്ചു ദിവ്യരാജനന്നായ്.
ഉറക്കമൊഴിച്ചുരാത്രി സാധുക്കളെതേടിക്കൊണ്ടു
പരാപരൻ തൻെറ വേദം പരത്തുവാനായ്
എന്തു സഹിക്കുന്നതിനും ദിവ്യാനുഗ്രഹത്താൽ സാദ്ധ്യ-
മെന്നുറച്ചുതന്നിലെന്തു പേടിപിന്നെയും.
ഭാവനയായിവരുന്ന മനുഷ്യവിചാരമല്ലേ
പ്രവൃത്തിപഥത്തിൽ നാളെ കാണുന്നുനൂനം.
സ്നേഹത്തിങ്കൽ നിന്നെഴുന്നാപ്രവാഹത്തിൻ ശക്തി
(നിത്താൻ
മഹീതലത്തിങ്കലാക്ക സാദ്ധ്യമാകുന്നു!
എന്തിന്നുരയ്ക്കുന്നു നാമീകഠിനത്യാഗത്തിൻമാററു
പാത്തട്ടിൻ നാഥനല്ലാതെ ആരറിയുന്നു!
ഉഷ്ണത്തിനോ തണുപ്പിനോ തൻെറ ദിവ്യമായ തനി-
സ്വർണ്ണഹൃത്തിൻ സ്നേഹകാന്തി അടിമയല്ല.
തനിസ്വർണ്ണംതീയിൽ ചുട്ടാൽ കുറഞ്ഞുപോകില്ല കാന്തി
മനമലിയിച്ചീടുമാറെങ്ങുമേ കാണും.
കൂട്ടുചേർത്ത കാഞ്ചനത്തെ ചെന്തീയിലായിട്ടിടുമ്പോഠം
പെട്ടെന്നിതാ കട്ടമട്ടിൽ തൂക്കം പോകുന്നു.
പട്ടുമെത്തവിരിച്ചു നൽകനകമുറിയിൽ നിദ്ര-
ക്കിഷ്ടമില്ലാഞ്ഞിട്ടല്ലേ താൻ ഇങ്ങനെ ചെയ്തു
അടിയുറച്ചാവിശ്വാസസ്ഥിരതയിൽനിന്നെഴുന്ന-
പടിപടിയായുള്ളോരാ പന്ഥാവിലൂടെ

ഇടയ്ക്കുള്ളയപകടം അവഗണിച്ചു ഗമിച്ചു
തടസ്സത്തെ നീക്കി പുണ്യസൌധത്തിലെത്തി.
"വിശുദ്ധമായ സ്ഥലത്തു ജീവിപ്പതു മാത്രം പോരാ
വിശുദ്ധമായവിടെയും ജീവിതം വേണം"
എന്നോതിയാ വിശുദ്ധനാം ജെറോമിൻെറ വാക്യമെന്നും
തന്നോർമ്മയിൽ പതിച്ചവൻ ജീവിതമാൻറു.
ശൈശവദശയിൽ നിന്നിൽ ദിവ്യാനുഗ്രഹമാം വിത്തു
ആശയോടെ പാകിയീശൻ പാർത്തിരുന്നില്ലേ
വളൻറുപുഷ്ടിയായ്ത്തീൻറു മനോഹരമായിത്തീൻറു
തളിത്തുപുഷ്പിക്കേണ്ടുന്ന കാലമായപ്പോഠം
അച്ചെടിയെപ്പറിച്ചിതാ 'പാരഡൈസി'ങ്കൽ നട്ടവാൻ
ഇച്ഛിച്ചുകൊണ്ടുവരുന്നു ദിവ്യനാം നാഥൻ
നിരത്ഥകപ്രപഞ്ചത്തിൻ കോളിളക്കത്തിൽപ്പെടാതെ
പാരം കാമ്യമായ ദിവ്യസ്നേഹമൊന്നിനേ
മാത്രംതേടിപ്പുറപ്പെട്ട നിൻെറയുന്നം സാദ്ധ്യമായി
നിത്യമായാനന്ദത്തിന്നുമഹ്ഹനുമാകം
ഒരിക്കലും നശിക്കാത്ത വിത്തത്തിന്നുവേണ്ടിയല്ലോ
പാരിടത്തിൽ ഇപ്രകാരം വേലചെയ്തു നീ
ആശാപാശങ്ങളെ വിട്ടും നശ്വരങ്ങളൊക്കെപാരിൽ
ലേശംപോലും ആശിക്കാതെ വേലചെയ്തു നീ.
സുകൃതപഥത്തിൽക്കൂടി ശീഘ്രമായി യോടിയോടി
സ്വർഗ്ഗലോകപ്രാപ്തിക്കുള്ള മൃത്യുവാം പടി
കാണ്മാറായി; കാൽവരിതൻ ഉച്ചിയാംസ്ഥാനമടുത്തു
കാണുമിന്നോനാളെയോ നിൻപൊൻകിരീടവും
ഇത്രനാളും സഹിച്ചനിൻ ബുദ്ധിമുട്ടുകളൊക്കെയും
എത്രമാത്രം ഇന്നുനിന്നെസാന്ത്വനംചെയ്യും

എത്രമാത്രം ത്യാഗങ്ങൾ നീ സഹിച്ചുവോയീലോകത്തിൽ
അത്രമാത്രം നിൻകിരീടംരാജിക്കുംന്യൂനം
മതിമതിനിന്നാഗ്രഹം, മതിമതി നിൻെറവേല
ഇതിന്നപ്പുറംനീയൊന്നും ചെയ്തിടേണ്ടടോ
നിൻഹൃദയത്തെമാത്രമേ നിൻെറനാഥൻനിന്നിൽനിന്നു
മോഹിപ്പതല്ലാതെയൊന്നും ഈശനുവേണ്ട
ഇത്രമാത്രംവേലചെയ്തിട്ടിത്രമാത്രംകുഴഞ്ഞിട്ടും
ചിത്തമിനിയുംവേലയ്ക്കായ് കൊതിച്ചീടുന്നു.
സമാധാനംദിവ്യാശ്വാസം അന്ത്യനാളിൽകിട്ടീടുവാൻ
ഈമഹിയിലിന്നുതന്നെ സംഭരിക്കേണം.
ദിവ്യസ്നേഹത്തിങ്കൽനിന്നു പുറപ്പെടും പ്രവൃത്തികൾ
ഭാവിസമാധാനത്തിൻെറ പൂമൊട്ടുകളാം
പിറേറദ്ദിനത്തിൽരോഗിയെ തൻെറവീട്ടിൽ കൊണ്ടുവന്നു
നാട്ടിൽപേരുകേട്ടതായ വൈദ്യരുമെത്തി
നശിച്ചുപോയാരോഗ്യത്തെ പുനരെടുക്കുവാനായി
ആശിക്കുന്നുതൻമാതാപിതാക്കളെക്ഷണം.
ഈശനുടെകല്പനയെ മാററിടുവാൻസാദ്ധ്യമാണോ
ആശയൊന്നുംഫലപ്പെടാ! മൃത്യുവിൻനേരേ
ആരുതന്നെയെന്തുചെയ്താലീരോഗത്തിൻ ശാന്തിയില്ല
പാരംഖേദമോടെയെല്ലാമവർഗ്രഹിച്ചു.
പാരിലുള്ളരീതികൊണ്ടു ഫലംവിനായെന്നുകണ്ടു
പാരിൻെറശില്പിയിലേയ്ക്കും ദൃഷ്ടികൾനീട്ടി.
ദേഹിയുംദേഹവുംതമ്മിൽ വേർപിരിഞ്ഞിടുന്നനേരം
സ്നേഹനാഥൻനിൻെറപക്കലെത്തിയോതീടും:
"ധീരനായിയിത്രകാലം സ്നേഹമോടെപാരിങ്കൽനീ
ഭാരംവഹിച്ചുകുഴഞ്ഞാവിശ്വസ്തഭൃത്യാ,

പതിനാറ്

ലോകാരംഭംമുതല്ക്കായി മമപ്രിയമെഴുമൊരാ-
മക്കൾക്കായിസൃഷ്ടിച്ചതാം പാരഡൈസിങ്കൽ
വരു, വരു, നിത്യമായി നമ്മസല്ലാപങ്ങൾചെയ്തു
നിരന്തരംവസിക്കാം നാം അന്ത്യമെന്നിയേ.”
മർത്ത്യൻതൻെറനേത്രംകൊണ്ടു കണ്ടിടാത്തകാഴ്ചയേയും
മർത്ത്യഹൃത്തിലെത്തീടാത്ത സൌഭാഗ്യത്തേയും
ജീവിതത്തിൽമനുഷ്യൻെറ ചെവിക്കകത്തെത്തിടാത്ത
നവ്യമായഗീതകങ്ങൾ നീശ്രവിച്ചീടും.
ഈലോകത്തിൽത്താൻചെയ്യേണ്ട ജോലിപൂർത്തി
യായിയെന്നു്
കില്ലെന്യേതാൻബോദ്ധ്യമാന്നു വിശ്രമിക്കാറായ്
ബാക്കിയെല്ലാം ഈശൻതൻെറ ഇച്ഛപോലെ
ചെയ്യുവാനായ്
ആകെവിട്ടുകൊണ്ടങ്ങിവൻ യാത്രയാകുന്നു.
ഇനിയുള്ളതുകൊയ്യുവാൻ വേറെകൊയ്ത്തുകാരെദൈവം
തനിക്കിഷ്ടമുള്ളനേരം അയക്കുംനൂനം
കർഷകൻവിതച്ചീടുന്നു— മറെറാരുത്തൻവളമിട്ടു
നിഷ്കർഷിച്ചുനനയ്ക്കുന്നു— അന്ത്യവേളയിൽ
സൽഫലത്തെയേകീടുവാൻ ഈശ്വരൻെറകയ്യല്ലാതെ
ഇപ്പാരിങ്കൽസാദ്ധ്യമല്ല എന്നവനോർത്തു
“ഈശോയുടെ ഹൃദയത്തിൻദിവ്യരക്തംകൊണ്ടല്ലയോ
ആത്മനശിപ്പോർക്കുരക്ഷ ഏകിയെന്നതു്
അറിഞ്ഞിടാതെത്രമാത്രം ഇനിയുംകിടന്നീടുന്നു
പരാപരാ! നിൻഭൃത്യരെയാത്രയാക്കനീ”
എന്നുള്ളപ്രാർത്ഥനചൊല്ലി സമാധാനത്തോടെതാനും
അന്ത്യമില്ലാത്തനിദ്രയ്ക്കു ഒരുക്കമായി.

ഉരച്ചുതൻതാതനപ്പോഠം രോഗിയായിക്കിടക്കുന്ന
കുറെഴുന്നതൻെറ പ്രിയപുത്രനെനോക്കി:
"പറഞ്ഞതില്ലേഞാനന്നു വരുവാനുള്ളതൊക്കെയും
നിരസിച്ചുപോയല്ലോനീ സ്നേഹകുമാരാ!
ഇന്നീവിധംവന്നതെല്ലാം നിൻെറബുദ്ധിമോശമല്ലേ
മന്നിടത്തിലെന്താണിനി സാദ്ധ്യമാകുക
നിൻെറമാതാവുംഞാനുമേ യെന്തിനിനിജീവിക്കുന്നു
അന്ത്യനാളിൽഞങ്ങഠംക്കിതുകാണേണ്ടിവന്നു."
മരിക്കാറായ്ക്കിടക്കുന്ന പുത്രനപ്പോഠംചൊല്ലിതാനീ
ധരണിയിലേററംസ്നേഹിക്കുന്നവരോടായ്:
"എനിക്കുസംഭവിച്ചതും മേലിൽസംഭവിക്കുന്നതും
അന്നുതന്നെവേണ്ടപോലെ ഞാനറിഞ്ഞതാം
അന്നാഗ്രഹിച്ചതുപോലെ ഇന്നുമെന്നല്ലായെന്നെന്നും
എന്നാഗ്രഹമെന്നുനിങ്ങഠം അറിഞ്ഞുകൊഠംക.
ഒന്നുമാത്രമെൻെറഹൃത്തിൽ കുത്തിയിറക്കുന്നുനിങ്ങഠം
എന്താകുന്നാകാര്യമെന്നു കേട്ടുകൊണ്ടാലും.
ദൈവത്തിൻെറയിഷ്ടത്തിന്നു എതിരായിനിന്നുനിങ്ങഠം
ഭവിച്ചതിനെക്കുറിച്ചു നിങ്ങഠംദുഃഖിച്ചു.
വഴിതെററിഞാൻപോയെന്നു പറകയുംചെയ്തുനിങ്ങഠം
പഴിക്കുന്നെയിനിയും എന്തിനുവേണ്ടി?
ഈവിധമാമാദർശങ്ങഠം മാറിക്കണ്ടുമരിക്കുവാൻ
ദിവ്യനാഥാ! നീയെനിക്കു ഭാഗ്യംതരിക.
എനിക്കുള്ളതുഞാൻചെയ്തു; നിങ്ങളുടെഭാഗംനിങ്ങഠം
ഇനിയെങ്കിലുംചെയ്യുമെന്നാശിക്കുന്നുഞാൻ
ഇനിയുമെനിക്കുലോകേ അധികനാളുകളില്ല
വിനയെയൊഴിഞ്ഞു നിങ്ങഠം ആഹ്ളാദിക്കുവിൻ

നിങ്ങളുടെ സ്നേഹപുത്രൻ ക്രിസ്തുവിൻെറസാമ്രാജ്യത്തെ
എങ്ങുമെങ്ങും പരത്തുവാൻ ഉത്സാഹിച്ചെന്നു
ഓർത്തുനിങ്ങൾ മോദിക്കേണം എന്നെക്കണ്ടുനിങ്ങൾ അശ്രു
വീഴ്ത്തുന്നതു കാണുവാനോ ശക്തനല്ല ഞാൻ."
ഇന്നോളംതനിക്കുവേണ്ടി പാരംബുദ്ധിമുട്ടിയോർക്കായ്
നന്ദനൻ നന്ദിചൊല്ലുന്നു കൂപ്പുകൈകളോടെ
അധരത്തിൽനിന്നുപൊങ്ങും സുകൃതജപങ്ങളെല്ലാം
മോദാലടുത്താപതിപ്പു മൃത്യുചിത്തത്തിൻ
കുഴിഞ്ഞ കണ്ണുകൾകൊണ്ടു ചുററുപാടും നിന്നീടുന്നാ-
മെഴുത്തുരണ്ടുള്ളാതൻെറ ബന്ധുലോകമാം
യുവാക്കന്മാരെനോക്കുന്നു പിന്നെയെന്തോ കഥിക്കുന്നു
ഭാവംകൊണ്ടറിയാമാർക്കും തൻെറയിംഗിതം.
നിരവധിപ്രാവശ്യംതാൻ ആവർത്തിച്ചവാചകംതാൻ
മരിക്കുന്നേരത്തുമിതാ ചൊല്ലുകയാണ്:
"ക്രിസ്തുരാജ്യസാമ്രാജ്യത്തിൻ പരിധിവിസ്തീർണ്ണമാക്കാൻ
അത്യദ്ധ്വാനംചെയ്യുവാനായ് പോകുവിൻനിങ്ങൾ
എത്രലക്ഷമാട്ടുകൾ ഹാ ഇടയനില്ലാതെ കഷ്ടം
നിത്യരക്ഷകാണുവാനായ് വാഞ്ഛിക്കുന്നിപ്പോൾ."
അനവധിപ്രാവശ്യംതാൻ ശ്രവിച്ചതാംമറുപടി
അനല്പമാംഭീതിയോടെ സ്മരിച്ചീടുന്നു.
"കാലാവസ്ഥയുംമററുള്ള ചുററുപാടുകൊണ്ടുമിപ്പോൾ
കാലമായില്ലെന്നുള്ളോരാമുത്തരമെന്നും."
അവനുടെഹൃത്തടത്തിൽ അമ്പുകൊള്ളുംപോലെയുള്ള
ഭാവത്തോടെ ചെവിയിങ്കൽവന്നലയ്ക്കുന്നു.
പിന്നെയെന്തോചിന്തിക്കുന്നു പിന്നെവീണ്ടുംനോക്കിടുന്നു
ഒന്നുകൂടെനിശ്വസിച്ചു ദീർഘദീർഘമായ്

## പത്തൊമ്പതു്

“വിശ്വംസൃഷ്ടിച്ചായീശാ നീ, ആശ്വാസദായകാ നീയെൻ
ആശ്വാസത്തിന്നായിയിപ്പോൾ വന്നീടേണമേ”
എന്നുചൊല്ലിക്കൊണ്ടുതന്റെ ഭാവിലോകത്തെക്കുറിച്ചു
ചിന്തിച്ചുകൊണ്ടാക്കുമാരൻ മോദമായ്ത്തീർന്നു.
ഇനിമേലിൽ പൈങ്കിളികൾ പുലർകാലെപാടുന്നതു്
മാനുഷികമാംചെവിയാൽ കേൾക്കയുമില്ല.
ഇനിമേലിൽപൊന്നുഷസ്സിൻ കാന്തികാണുവാനീലോകേ
തനിക്കെഴുംനേത്രംകൊണ്ടു സാദ്ധ്യമാകില്ല.
ഇന്നുതന്നെതാനെത്തീടും ദിവ്യമായമന്ദിരത്തിൽ
എന്നുമെന്നുംതാനവിടെ പാർക്കയുംചെയ്യും
ജഡവുമതിന്റെയെല്ലാ ആശാപാശങ്ങളോടുമായ്
പിടിവിട്ടുയാത്രചൊല്ലി പിരിഞ്ഞിടേണ്ടും
ഭാവമായി, ശ്വാസോച്ഛ്വാസം ശക്തിക്കുടി,അന്ത്യവയു
അവനുടെനെഞ്ചിലങ്ങു ദൃശ്യമാകാറായ്
മനുജസഹജമായ ദുഃഖമപ്പോൾ തൻമാതാവിൻ
മനവും തുരന്നുകൊണ്ടു കണ്ണിലുംവന്നു
എങ്കിലുംതാൻകേട്ടുശീഘ്രം മാതാപിതാക്കന്മാരുടെ
ഇംഗിതംമാറിടുന്നോരു മധുരവാക്യം
“ദിവ്യരാജാവിന്റെയിഷ്ടം നടക്കട്ടെനമ്മൾക്കെല്ലാം
ഭാവിലോകത്തെന്നുമെന്നും ആഹ്ലാദിച്ചീടാം.
ഇതുവരെഞങ്ങൾദൈവത്തിന്റെയിംഗിതംമറുത്തു
ചെയ്തുപോയിയെങ്കിലും ദിവ്യാനുഗ്രഹത്താൽ
ഞങ്ങളുടെബോധത്തേയും തെളിയിച്ചുമോദമായ്നിൻ
ഇംഗിതത്തോടൊത്തുനില്പാൻ വാഞ്ഛിപ്പുഞങ്ങൾ.”
ഇതുകേട്ടുതൃപ്തനായി പുഞ്ചിരിച്ചുപ്രിയപുത്രൻ
കുതുകത്താൽപാടി ദിവ്യനാഥന്നായ്!

നിശ്ശബ്ദമായന്തരീക്ഷത്തിങ്കലപ്പോൾ ദിവ്യമായ-
യീശോയെന്ന നാമംമാത്രം കേൾക്കമാറായി.
ക്രൂശിതരൂപംചുംബിപ്പാൻ കൊടുത്തവർ അന്ത്യമായി
യീശന്റെയിംഗിതമിപ്പോൾ പൂർത്തിയാകുന്നു.
തൽക്ഷണംതൻമിഴികളെയടയ്ക്കുന്നു ദുഃഖമോടെ
അക്ഷിയിൽനിന്നാമുത്തുകൾ ഒപ്പിമാററുന്നു.
ചാരിത്രകുസുമത്തിന്നു ഇന്നോളംവാട്ടംതട്ടാതെ
പാരിൽകാത്തതൻറമേനി വിട്ടുകൊണ്ടിതാ
പാറിടുന്നൊരുദിവ്യമാലാഖയെപോലെയവൻ
ഒരു നാളിലിനിമേലിൽ യുദ്ധവുംവേണ്ടാ.

പടിഞ്ഞാറെചക്രവാളത്തിങ്കലുള്ള അഗ്നികുണ്ഡം
ഞൊടിയൊടുദ്യോവിലെല്ലാം, വഹ്നിയേയേററി
പാട്ടുനാത്തിപൂങ്കുയിലും മോദമോടെപറന്നുതൻ
കൂട്ടിലേയ്ക്കായ്‌വിശ്രമത്തെത്തേടിയുംകൊണ്ട്
കാർമുകിൽവാനത്തിലെല്ലാം വിചിത്രചിത്രങ്ങൾചാർത്തി
ചുമപ്പുചായമൊരുക്കി വാർണ്ണിഷിടുവാൻ
മാരുതനാകുന്നബ്രഷുകൊണ്ടുചിത്രങ്ങളിലെല്ലാം
ചാരുവായിട്ടടിച്ചങ്ങു മറഞ്ഞീടുന്നു
പൂർണ്ണചന്ദ്രികപരന്നു ശാന്തസുന്ദരമായ്‌രാവ്
വിണ്ണിലമൃതകിരണം പരന്നുവേഗം
നീലസരസ്സിൽസംഫംരിക്കും തൂവെള്ളപ്പൂക്കൾപോലവെ
നീലവാനിൽത്താരവൃന്ദം നിറഞ്ഞീടുന്നു.
അല്പസമയംകഴിഞ്ഞു തന്നാത്മാവുസ്വർഗ്ഗംപൂകാൻ
കാലമായിലോകംവിട്ടു പറന്നുപോയി
താരാപഥവുംകടന്നു മററുഗോളങ്ങളെയൊക്കെ
നേരേമാററിപോയീടുന്നു ദ്യോവിലേയ്ക്കായി.

* * * *

ഡോക്ടർവന്നുനാഡിനോക്കി ഒന്നുംമിണ്ടാതെ
യാമാന്ത്യൻ
വീടുവിട്ടിറങ്ങിപ്പോയിക്കാറിലുമായി.
ബന്ധുമിത്രാദികളെല്ലാം വന്നുവീട്ടിൽക്കൂട്ടമായി
സന്താപസിന്ധുവിൽനീന്തിക്കുഴഞ്ഞിടുന്നു.
എല്ലാരുടേയുംമുഖത്തു ദൃശ്യമായമ്ലാനതയും
ചൊല്ലിയില്ലൊരുത്തനുമൊരക്ഷരംപോലും.
അടുത്തമുറിയിലായി നിജവാത്സല്യമാതാവു്
മററുള്ളോർതൻശുശ്രൂഷയിൽ വാടിക്കിടപ്പു.
പിതാവിതാകട്ടിലിൻെറ ഒരുവശത്തുനില്ക്കുന്നു
പുതുബാഷ്പംകട്ടിലിന്മേൽ വീണുകാണാറായ്
മരിച്ചവൻതൻമുഖത്തു മരണത്തിൻകുത്തുമൂത്ത
കരങ്ങൾക്കുപോലുംമറക്കുവാനാകാതെ
നിഷ്കളങ്കമായമന്ദഹാസം തങ്ങിനിന്നിരുന്നു,
നിശ്ചലമായമിഴികൾ പാതികൂമ്പിയും.

* * * *

കേരളമേ! നിന്നിൽനിന്നു ജനിച്ചതാമീപുത്രനെ
മരിച്ചാലുംമറക്കുമോ ഭാരതമിഷൻ?
കേരളമെ! നിന്നിൽനിന്നു ഇന്ത്യയ്ക്കായ്ബലിയർപ്പിച്ച
ധീരാത്മാക്കളെത്രയെത്ര സ്വർഗ്ഗത്തിലെത്തി!
ഇന്ത്യയാകെക്രിസ്തുവിൻെറ രാജ്യംപരത്തുവാനായി
സന്തതംപണിപ്പെടുന്ന കേരളരാജ്യേ
ഇന്ത്യയ്ക്കാരാമമായി നീ സന്തതംവിലസീടുക
അന്ത്യമെന്ന്യേ ദിവ്യപരിമളവുമേക!

ശുഭം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00003981*
T61 K66




T61
K66

Indic Digital Archive Foundation
gpura.org